**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2376** **27-02-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട്-പാറ-പൊള്ളാച്ചി റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പാലക്കാട്- പാറ-പൊള്ളാച്ചി റോഡ് നവീകരണം എന്ന പദ്ധതിക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; | (എ) | പാറ-പൊള്ളാച്ചി റോഡ് നവീകരണ പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. |
| (ബി) | ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പാറ-പൊള്ളാച്ചി റോഡ് നവീകരണ പ്രവൃത്തിയ്ക്കായി 23 മീറ്റർ RoW നിശ്ചയിച്ച് നിർവ്വഹണ ഏജൻസിയായ KRFB പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി പരിശോധിച്ച് ടൌൺ ഭാഗങ്ങളിൽ 18.50 മീറ്ററായും, മറ്റ് ഭാഗങ്ങളിൽ 19.20 മീറ്ററിലുമായി സ്ഥലമേറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റും സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ് ഡ്രോയിങ്ങും, സ്ഥലമേറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റും SPV കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.<br>സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതി കിഫ്ബി എക്സിക്യൂട്ടീവ് കമ്മറ്റി നൽകിയിട്ടുണ്ട്.<br>റോഡ് പ്രവൃത്തിയുടെ DPR സമർപ്പിക്കുന്ന മുറയ്ക്ക് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾക്ക് വിധേയമായി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ജനറൽ ബോഡിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2376

## 27-02-2023 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പാലക്കാട്-പാറ-പൊള്ളാച്ചി റോഡ് നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രഭാകരൻ | ശ്രീ. കെ. എൻ. ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |

### മറുപടി നൽകാൻ വൈകിയതിന്റെ കാരണം കാണിക്കൽ പത്രിക

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 27.02.2023 ന് ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2376 നുള്ള മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടിരുന്നു. ചോദ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന്റെയും ക്രോഡീകരിക്കുന്നതിന്റെയും ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് സമയം വേണ്ടിവന്നതിനാലാണ് മറുപടി യഥാസമയം നൽകുന്നതിൽ കാലവിളംബം ഉണ്ടായത്. ഇക്കാര്യത്തിൽ മനപൂർവ്വമായ വീഴ്ചയോ ഉദാസീനതയോ ഉണ്ടായിട്ടില്ല.

Riji John

ജോയിന്റ് സെക്രട്ടറി